# നീര ഉത്പാദനത്തിന് കർണാടകയിലും അനുമതി

കൊച്ചി: നീര ഉത്പാദനത്തിന് കേരകർഷകന് വിലങ്ങുതടിയായി നിന്ന അബ്കാരി നിയമം കേരള സർക്കാർ ഭേദഗതി ചെയ്തതിനു പിന്നാലെ കർണാടകവും ഈ ഉത്തരവിനൊരുങ്ങുന്നു. നാളികേര മേഖലയുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബജറ്റ് പ്രഖ്യാപനത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധാരാമയ്യ അറിയിച്ചതാണിക്കാര്യം. നീര ഉത്പാദനത്തിന് നിലവിലുള്ള അബ്കാരി നിയമത്തിലെ വിലക്കു മാറ്റുന്നതിനൊപ്പം നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളായ പാം ഷുഗർ, തെങ്ങിൻ ചക്കര, പാം സിറപ്പ് എന്നിവ ഉത്പാദിപ്പിച്ച് വിപണിയിൽ സുലഭമാക്കാനും കേരകർഷകർക്കൊപ്പം സംസ്ഥാനത്തിനും അധിക സാമ്പത്തിക നേട്ടം ഉറപ്പാക്കുന്നതിനുമാണു കർണാടക സർക്കാർ പദ്ധതിയിടുന്നത്.

പദ്ധതി നടത്തിപ്പിനായി 25 ശതമാനം നിക്ഷേപസമാഹരണത്തോടെ നാളികേരോത്പാദക കമ്പനികൾ രൂപവത്കരിക്കാൻ സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മൂല്യവർധിത കേരോത്പന്നങ്ങളുടെ വിപണനത്തിനായി അഞ്ചു കോക്കനട്ട് പാർക്കുകൾ സ്ഥാപിക്കാനും പദ്ധതിയിടുന്നു. ഇതിനായി പ്രോസസിംഗ് യൂണിറ്റുകൾക്ക് 25 ശതമാനം സബ്സിഡിയോടെ അഞ്ചു കോടിയോളം മാറ്റിവച്ചിട്ടുണ്ട്.